# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **307** — **30.01.2014**-ൽ മറുപടിക്ക്

## 'എൻഡോ സൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനുള്ള പ്രത്യേക പാക്കേജ്'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. റ്റി.വി. രാജേഷ് | ശ്രീ.ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) എൻഡോസൾഫാൻ കീടനാശിനിക്കെതിരെ സമരം നടത്തിയവർ ദേശവിരുദ്ധ ശക്തികളും ക്രിമിനലുകളുമാണോ എന്നന്വേഷിക്കാൻ പ്രധാനമന്ത്രി സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;<br><br>(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ; ഇക്കാര്യത്തിൽ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) യും (ബി) യും<br>എൻഡോസൾഫാൻ കീടനാശിനിക്കെ തിരെ സമരം നടത്തിയവർ ദേശവിരുദ്ധ ശക്തികളും ക്രിമിനലുകളുമാണോ എന്ന് അന്വേഷിക്കാൻ പ്രധാനമന്ത്രി സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടില്ല. എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസ്സോസിയേഷൻ മുൻ സെക്രട്ടറി ഡോ.എം.മുരളീധരനെ ഉദ്ധരിച്ച് ശ്രീ. രാജു ഷെറോഫ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് സമർപ്പിച്ച പരാതി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറിക്ക് നൽകുകയും, പ്രസ്തുത പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്ന തിനായി കാസർഗോഡ് ജില്ലാ കളക്ടർക്കും ജില്ലാ മെഡിക്കൽ ഓഫീസർക്കും (ആരോഗ്യം) അയക്കുകയും ചെയ്തിരുന്നു. ബന്ധപ്പെട്ട പരാതി സംബന്ധിച്ച് അഭിപ്രായം അറിയിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)ക്കും, ഡോ.മുരളീധരനും കത്ത് നൽകിയിട്ടുണ്ട് എന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ലഭ്യമാക്കിയ റിപ്പോർട്ടിൽ താഴെ പറയും പ്രകാരം അറിയിച്ചിരിക്കുന്നു.<br><br>"സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നായി നിയമിക്കപ്പെടുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ പങ്കെടുപ്പിച്ചുകൊണ്ട് |

സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകളിലൂടെയാണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്നത്. പ്രസ്തുത പ്രവർത്തനം കാര്യക്ഷമമായും സുഗമമായും നടപ്പിലാക്കുന്നതിനായി മൂന്ന് ഘട്ടങ്ങളിലായുള്ള പരിശോധന സംവിധാനങ്ങൾ ഇക്കാര്യത്തിനായി ഏർപ്പെടുത്തിയിട്ടുണ്ട്.

ഘട്ടം (1) എൻഡോസൾഫാൻ ദുരിതബാധിതൻ/ ബാധിതയാണെന്ന് സ്വയം സംശയിക്കപ്പെടുന്ന ആർക്കും തന്നെ പ്രാഥമിക പരിശോധനയ്ക്കായി അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രം/ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറെ സമീപിക്കാവുന്നതാണ്. പ്രാഥമിക പരിശോധനയുടെ അടിസ്ഥാനത്തിൽ രോഗിയെ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ടെങ്കിൽ ഇതിനായുള്ള റിപ്പോർട്ട് നിർദ്ദിഷ്ട പ്രൊഫോർമയിൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) അയച്ചുകൊടുക്കുന്നു.

ഘട്ടം (2) ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു മെഡിക്കൽ ടീം ജില്ലാ തലത്തിൽ ലഭ്യമായ റിപ്പോർട്ടുകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ട അർഹരായവരുടെ പട്ടിക സ്പെഷ്യാലിറ്റി അടിസ്ഥാനത്തിൽ തയ്യാറാക്കുകയും ചെയ്യുന്നു. (11 സ്പെഷ്യാലിറ്റികൾ)

ഘട്ടം (3) സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയ സ്ലിപ്പുകൾ രോഗികൾക്ക് മുൻകൂട്ടി വിതരണം ചെയ്യുകയും അതുപ്രകാരം ക്യാമ്പിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരാണ് ക്യാമ്പുകളിൽ വെച്ച് രോഗികളെ പരിശോധിക്കുന്നത്. മെഡിക്കൽ ക്യാമ്പിൽ നിന്നുള്ള പരിശോധന റിപ്പോർട്ടിന്റെയും തുടർന്നുള്ള ഫീൽഡ് തല അന്വേഷണ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്നത്.

ഒരു രോഗി എൻഡോസൾഫാൻ ദുരിതബാധിതൻ/ബാധിത ആണോ എന്ന് നിർണ്ണയിക്കുന്ന കാര്യത്തിൽ മെഡിക്കൽ കോളേജിലെ വിദഗ്ദ ഡോക്ടർമാരല്ലാതെ മറ്റാർക്കും തന്നെ നിർണ്ണായകമായ പങ്ക് വഹിക്കാനില്ല.

കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്ന

പ്രവർത്തനവുമായി ബന്ധപ്പെട്ട് ജില്ലയിലെ ഡോക്ടറുടെ ഭാഗത്തുനിന്നും പരാതി ഒന്നും ലഭിച്ചിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു.

(സി) എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ പ്രത്യേക പാക്കേജ് അനുവദിക്കുമെന്ന പ്രധാനമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണ്;

(ഡി) ഇതിനായി ആവശ്യപ്പെട്ട പ്രത്യേക പാക്കേജ് എന്തായിരുന്നു; വിശദമാക്കുമോ?

(സി) യും (ഡി) യും

ബഹു. പ്രധാനമന്ത്രിക്ക് സംസ്ഥാന സർക്കാർ സമർപ്പിച്ച 448.258 കോടി രൂപയുടെ എൻഡോസൾഫാൻ നഷ്ടപരിഹാര പാക്കേജിൽ പ്രധാനമായും താഴെ പറയുന്ന ആവശ്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1) ദുരിതബാധിതർക്ക് Ex-gratia തുക അനുവദിക്കൽ, 2) ബദിയഡുക്കയിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കൽ, 3) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയെ വികസിപ്പിക്കൽ, 4) കാസർഗോഡ് ജനറൽ ഹോസ്പിറ്റൽ വികസിപ്പിക്കൽ, 5) ആരോഗ്യ പുനരധിവാസ പ്രവർത്തനങ്ങൾ ശാക്തീകരി ക്കൽ, 6) പ്രൈമറി ഹെൽത്ത് സെന്ററിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തൽ, 7) ജില്ലാ ആയുർവേദ ആശുപത്രിയെ വികസിപ്പിക്കൽ, 8) ജില്ലാ ഹോമിയോ ആശുപത്രിയെ വികസിപ്പിക്കൽ.

ഈ ആവശ്യങ്ങൾ പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് 18/06/2013 ൽ അവലോകനം നടത്തുകയും താഴെ പറയുന്ന തീരുമാനങ്ങൾ സംസ്ഥാന സർക്കാരിനെ അറിയിക്കുകയും ഉണ്ടായി.

1. നിലവിലുള്ള കേന്ദ്ര സർക്കാർ പദ്ധതിയിൽ ഒന്നിന്റെയും പരിധിയിൽ ഉൾപ്പെടാത്ത പ്രൊപ്പോസലുകളായിരിക്കണം സംസ്ഥാന സർക്കാർ പ്രധാനമന്ത്രിയുടെ ഓഫീസിൽ സമർപ്പിക്കേണ്ടതെന്നും ഇപ്രകാരം സമർപ്പിക്കപ്പെടുന്ന പ്രൊപ്പോസലുകൾ സെക്രട്ടറിമാരുടെ ഒരു വിദഗ്ദ സമിതി പരിഗണിക്കുന്നതാണ്.

2. സംസ്ഥാന സർക്കാർ മുകളിൽ 4-7 വരെ പ്രതിപാദിച്ച വിഷയങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായത്തിന് പ്രൊപ്പോസലുകൾ തയ്യാറാക്കി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനു നൽകേണ്ടതും പകർപ്പ് പ്രധാന മന്ത്രിയുടെ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

3. ആയുർവേദ / ഹോമിയോ ഇവയുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ആയുഷിന് സമർപ്പിക്കേണ്ടതും പകർപ്പ് പ്രധാന മന്ത്രിയുടെ ഓഫീസിന് ലഭ്യമാക്കേണ്ടതുമാണ്.

ബഹു. പ്രധാന മന്ത്രിയുടെ ഉപദേഷ്ടാവ് അവലോകനം ചെയ്ത് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പ്രൊപ്പോസൽ തയ്യാറാക്കുകയും 15/07/2013 ന് പ്രധാന മന്ത്രിയുടെ ഉപദേഷ്ടാവിനും കേന്ദ്ര ആരോഗ്യ സെക്രട്ടറിക്കും കേന്ദ്രത്തിലെ ആയുഷിന്റെ സെക്രട്ടറിക്കും സമർപ്പിച്ചിരുന്നു.

എന്നാൽ 26/08/2013 ന് എൻ.ആർ.എച്ച്.എം.-I ഡയറക്ടറുടെ കത്തിൽ നടപ്പുവർഷത്തെ പിഐപിയിൽ 44.58 കോടി രൂപ മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ നിർദ്ദേശത്തിന്മേൽ സംസ്ഥാന സർക്കാരിന്റെ സമ്മതം അറിയിക്കുകയും എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരെ പുനരധിവസിപ്പിക്കാൻ ടി തുക അപര്യാപ്തമായതിനാൽ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകി സെക്രട്ടറിമാരുടെ സമിതിയിൽ വച്ച് തുക അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് 21/12/2013 ന് കേന്ദ്ര ആരോഗ്യ സെക്രട്ടറിക്കും ഡയറക്ടർ, എൻ.ആർ.എച്ച്.എം.-I നും കത്തയച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**